**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5633** **18/11/2019 ൽ മറുപടിയ്ക്ക്**

**ജൂനിയർ സയന്റിഫിക് ഓഫീസർ തസ്തികയിലെ നിയമനം**

| | ചോദ്യം<br>ശ്രീ.ടി. വി. ഇബ്രാഹിം | | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ആരോഗ്യവകുപ്പിൽ ജൂനിയർ സയന്റിഫിക് ഓഫീസർ തസ്തികയിൽ നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്ന് എത്ര പേർക്ക് നിയമനം നൽകിയെന്ന് അറിയിക്കാമോ; | (എ) | 7 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളാണ് കണ്ടെത്തിയിട്ടുള്ളത്; ഇതിൽ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ എത്രയെന്നും അറിയിക്കാമോ; | (ബി) | സ്ഥാനക്കയറ്റം മുഖാന്തിരം നികത്തേണ്ട 8 ഒഴിവുകൾ കണ്ടെത്തിയിട്ടുണ്ട്. പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകൾ ഒന്നും തന്നെ നിലവിലില്ല. |
| (സി) | പ്രസ്തുത തസ്തികയിൽ ഒഴിവുകൾ ഉണ്ടായിട്ടും നിയമനം നിർത്തിവെച്ചതിനുള്ള കാരണം വ്യക്തമാക്കാമോ; | (സി) | സ്ഥാനക്കയറ്റം മുഖാന്തിരം നികത്തേണ്ട 8 ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | ആരോഗ്യ വകുപ്പിൽ സീനിയർ മൈക്രോബയോളജി സയന്റിഫിക് ഓഫീസർ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിലേക്ക് നിയമനം നടത്തുന്നതിനുള്ള വ്യവസ്ഥകൾ അറിയിക്കാമോ; | (ഡി) | ഇല്ല. |
| (ഇ) | അർഹതയുള്ളവരുണ്ടായിട്ടും പ്രസ്തുത തസ്തികയിൽ നിയമനം നടക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ? | (ഇ) | ബാധകമല്ല. |

Smidhya

സെക്ഷൻ ഓഫീസർ